# ജാമക്കാരൻ
# JAMAKKARAN

VOLUME - 3 Reg NO.TNBIL/2016/70171 ISSUE - 3
MARCH - 2019 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



**കർത്താവിൽ പ്രിയരെ,**

നിങ്ങളേവരെയും ഈ ലക്കം മാസികയിലൂടെ സന്ദർശിക്കാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. ഈ ലക്കം മാസിക വളരെ ശ്രദ്ധയോടെ വായിക്കേണ്ടത് ആവശ്യമാണ്. ''ലെന്റ് കാല ധ്യാന പ്രസ്താവന'' എന്ന പേരിൽ സി.എസ്.ഐ. മോഡറേറ്റർ അവർകൾ കല്പനയായി എഴുതിയിട്ടുള്ള രണ്ട് പ്രധാന വിഷയങ്ങൾ സി.എസ്.ഐ. സഭാ വിശ്വാസികളെ കുഴപ്പത്തിലാക്കിയിരിക്കുന്നു.

**നമ്മുടെ വിശ്വാസമായ യേശുക്രിസ്തു തന്നെ – വഴി, സത്യം, ജീവൻ, വാതിൽ –** എന്നീ സത്യങ്ങളുടെ കടയ്ക്കലിൽ കത്തി വയ്ക്കുന്ന രീതിയിൽ വിശ്വാസികളെ വാതിചലിപ്പിച്ച് നവീനാശയങ്ങളിലേക്ക് കൊണ്ടു പോകാൻ ശ്രമിക്കുന്നത് നിങ്ങൾ അറിഞ്ഞിരിക്കും. **മോഡറേറ്റർ അവർകൾ അറിയിച്ച പ്രസ്താവനകളിലെ** രണ്ട് പ്രധാന വിഷയങ്ങളെക്കുറിച്ചും അത് Anti Christ ന്റെ ഉപദേശം എന്ന വസ്തുതയെ അറിയിക്കാനും ആഗ്രഹിക്കുന്നു.

ചില വിഷയങ്ങൾ തമിഴ് മാസികയിൽ ഞാൻ എഴുതിക്കഴിഞ്ഞു. പക്ഷേ മലയാള വായനക്കാർക്ക് എഴുതുമ്പോൾ നമ്മുടെ സി.എസ്.ഐ സഭാ ചരിത്രത്തിന്റെ ആരംഭ വിവരങ്ങൾ എഴുതി അറിയിക്കാൻ പരിശുദ്ധാത്മാവ് പ്രേരിപ്പിച്ചതായി ഞാൻ വിശ്വസിക്കുന്നു. ആദ്യം മോഡറേറ്റർ അവർകളുടെ പ്രസ്താവനയിൽ പറഞ്ഞ രണ്ട് വിഷയങ്ങൾ മാത്രം അറിയിക്കുന്നു.

1. ''**ദൈവത്തിന്റെ സൃഷ്ടികളിലൂടെ** നമ്മുടെ ദൈവത്തെ നാം കാണണം. കാണുന്നതു മാത്രമല്ല ദൈവം നൽകുന്ന ബഹുമാനവും ആരാധനയും കൂടെ നൽകണം.''

''**ഭൂമിയിൽ എന്തിലും ഏതിലും** ദൈവമുണ്ട്''; R.S.S. കാർ ഇതിനെ ഭൂമാദേവി എന്നും; ദേവിയെ നമസ്ക്കരിക്കണം എന്നും പറയുന്നു; കൂടാതെ ഭൂമാദേവിയെ ഉത്തേജിപ്പിക്കുന്ന

ജാമക്കാരൻ JAMAKKARAN

MARCH - 2019

സൂര്യഭഗവാനെ നാം "യോഗ"യിലൂടെ തൊഴണം എന്നും പഠിപ്പിക്കുന്നു. മോഡറേറ്റർ അവർകൾ പറയുന്ന എല്ലായിടത്തും ദൈവമുണ്ട്; സകലത്തിലും ദൈവം ഉണ്ട് എന്ന പ്രസ്താവന നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ കല്പനയെയും അപ്പോസ്തലന്മാരുടെ ഉപദേശത്തെയും കത്തി വയ്ക്കുന്ന മാരകമായ കുറ്റമെന്ന് മനസ്സിലാക്കാം.

**"സ്രഷ്ടാവിനെ മറന്ന് സൃഷ്ടിയെ വന്ദിക്കരുത്"** എന്നതാണ് ബൈബിൾ ഉപദേശം. ഈ ബൈബിൾ സത്യത്തെ മോഡറേറ്റർ അവർകൾ മാറ്റാൻ ശ്രമിക്കുന്നു.

2. **ഹിജഡകളെയും, സ്വവർഗരതിക്കാരെയും സഭയിൽ മുൻപന്തിയിൽ കൊണ്ടുവരുക എന്നുള്ളതാണ് രണ്ടാമത്തെ കല്പന.** സഭാ പദവികളിലും ചുമതലകളിലും അവർക്ക് പങ്കുണ്ടെന്ന് അറിയിച്ചത് ദൈവദൂഷണമാണ്. ദൈവം നശിപ്പിച്ച സോദോം ഗോമോറ പാപങ്ങളെ സഭയിൽ അനുവദിക്കുന്നത് മോഡറേറ്റർ അവർകൾക്കും, അനുചരന്മാർക്കും നല്ലതല്ല. **ദൈവ കോപത്തിൽ നിന്ന് രക്ഷപ്പെടാൻ അവർ മനസ്സു മാറാൻ നാം പ്രാർത്ഥിക്കണം.** അല്ലായെങ്കിൽ ഒന്നുമറിയാത്ത നിങ്ങൾ ശിക്ഷിക്കപ്പെടും. (2 ശമുവേൽ 24:17) തീർച്ച! മാറ്റമില്ല. നൂറുതരം ഉറപ്പ്.

കഴിഞ്ഞ മാസം കേരളം, തമിഴ്നാട്, വടക്കേയിന്ത്യാ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന എല്ലാ യോഗങ്ങളെയും ദൈവം അനുഗ്രഹിച്ചു. തുടർന്ന് ഈ ശുശ്രൂഷയെ എല്ലാ നിലകളിലും ആദരിക്കുന്ന ഏവർക്കുമായി ഞാൻ പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

**ഡോ. പുഷ്പരാജ്.**


## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN (FORM IV)

| | | |
|---|---|---|
| 1. Title of the news paper | : | **JAMAKKARAN** |
| 2. Language(s) in which it is published | : | **TAMIL / MALAYALAM** |
| 3. Place of publication | : | 89,Majeeth Street,<br>Old Suramangalam,<br>Salem - 636 005. |
| 4. Periodicity of its publication | : | Monthly |
| 5. Printer's name | : | M.Velu |
| (whether citizen of India) | : | Indian |
| Address | : | P.M.Press<br>168,Arumuga Nagar, Salem-636 005 |
| 6. Publisher & Editor's name | : | **Dr.M.G.E.PUSHPARAJ** |
| (whether citizen of India) | : | Indian |
| address | | 89,Majeeth Street, Old Suramangalam.<br>Salem - 636 005 |

I, **Dr.M.G.E.PUSHPARAJ** hereby declare that the particulars given above are true to the best of my knowledge and belief.

Dated:
1.3.2019

**Dr.M.G.E.PUSHPARAJ**
Signature of Publisher & Editor

# ആംഗ്ലിക്കൻ സഭ (C.S.I. & CNI)
# ഇന്നലെ, ഇന്ന്, ഇനി നാളെ!

**ഇന്നലെ.....**

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് സഭയെക്കുറിച്ചുളള ആദ്യ പരാമർശവേളയിൽ പറഞ്ഞ ശ്രദ്ധേയമായ ഒരു കാര്യമുണ്ട്: ‘‘..........പാതാളത്തിന്റെ ഗോപുരങ്ങൾ അതിനെ ജയിക്കയില്ല........’’

സഭയുടെ ആദ്യ ചരിത്രമായ അപ്പോസ്തലപ്രവൃത്തികൾ മുതൽ ഇന്നുവരെയുള്ള ചരിത്രം പരിശോധിച്ചാൽ പാതാളത്തിന്റെ ഗോപുരങ്ങൾ (അന്ധകാരത്തിന്റെ ശക്തികൾ, പിശാച് നേരിട്ട്, പിശാച് തന്റെ ദൂതന്മാർ മുഖേന ചെയ്യുന്ന വിരോധങ്ങൾ, പിശാച് തന്റെ സർവ്വശക്തിയിലും ചെയ്യുന്ന–സകല യത്നങ്ങളാലും) അപ്പോസ്തലിക കാലം മുതൽ സഭയെ കീഴടക്കുവാൻ ശ്രമിച്ച ചരിത്രം കാണാനാകും. വിസ്തൃതമായ വിഷയമായതിനാൽ അത് ഇവിടെ വിടുന്നു. ഇങ്ങനെ വികലമാക്കുന്ന സഭയെ, ശുദ്ധീകരിക്കുവാനും നേർവഴിക്ക് നടത്തുവ ാനുമായി കാലാകാലങ്ങളിൽ ചില വ്യക്തികളെ ദൈവം അയക്കുന്നത് കാണാം. അവരിലൂടെ സഭയ്ക്കു ഭാഗിക വിശുദ്ധിയോ പൂർണ വിശുദ്ധിയോ ലഭിക്കുന്നതും കാണാം.

**ആംഗ്ലിക്കൻ സഭ:**

**കാന്റർബറി ആർച്ചുബിഷപ്പിന്റെ** മഹായിടവകയോട് കൂട്ടായ്മ പുലർത്തുകയും അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിക്കുകയും ആംഗ്ലിക്കൻ വിശ്വാസാചാരങ്ങൾ പാലിക്കയും ചെയ്യുന്ന **ക്രൈസ്തവ സമൂഹമാണ് ആംഗ്ലിക്കൻ സഭ** (Anglican Church) **അഥവാ ആംഗ്ലിക്കൻ സമൂഹം** (Anglican communion). ആംഗ്ലിക്കൻ സമൂഹത്തിന്റെ മാതൃസഭയായ **ചർച്ച് ഓഫ് ഇംഗ്ലണ്ടിനെയാണ്** ആംഗ്ലിക്കൻ സഭ എന്ന പദം കൊണ്ട് വിവക്ഷിക്കുന്നതെങ്കിലും, ആംഗ്ലിക്കൻ സമൂഹത്തെ പൊതുവെ ആംഗ്ലിക്കൻ സഭ എന്ന് പറയാറുണ്ട്.

**ചർച്ച് ഓഫ് ഇംഗ്ളണ്ടിനെ കൂടാതെ ചർച്ച് ഓഫ് അയർലൻഡ്, ചർച്ച് ഇൻ വെയിൽസ്, എപ്പിസ്കോപ്പൽ ചർച്ച് ഇൻ സ്കോർട്ട്ലൻഡ്, പ്രോട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ ചർച്ച് ഇൻ യു.എസ്.എ., കനേഡിയൻ ചർച്ച്, ചർച്ച് ഓഫ് ബർമ, ചർച്ച് ഓഫ് സിലോൺ, ചർച്ച് ഓഫ് വെസ്റ്റ് ഇൻഡീസ്, ഓസ്ട്രേലിയൻ ചർച്ച്, ചർച്ച് ഓഫ് ന്യൂസിലൻഡ്, ചർച്ച് ഓഫ് ദി പ്രോവിൻസ് ഓഫ് വെസ്റ്റ് ആഫ്രിക്ക മുതലായി ആംഗ്ലിക്കൻ സഭയുടെ ശാഖകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിട്ടുണ്ട്.**

നാലാം ശതകാരംഭം മുതൽ ഇംഗ്ലണ്ടിൽ ക്രൈസ്തവ മതം നിലവിലിരുന്നു എന്നതിനു തെളിവുകളുണ്ട്. പതിനൊന്നാം ശതകത്തിലാണ് ഇംഗ്ലണ്ടിലെ സഭകളുടെ മേൽ കാന്റർബറി ആർച്ച് ബിഷപ്പിന്റെ ഭരണാധിപത്യം സ്ഥിരപ്പെട്ടത്. ആറാം ശതകം മുതൽ പതിനാറാം ശതകം വരെ ഇംഗ്ലണ്ടിലെ സഭ, കാന്റർബറി ആർച്ചുബിഷപ്പിന്റെ നേതൃത്വത്തിലായിരുന്നു. അതേ സമയം റോമൻ സഭാചട്ടങ്ങളും സംഘടനാരീതികളും മറ്റും നടപ്പിലാക്കുന്നതിൽ റോമുമായി ബന്ധം പുലർത്തിയിരുന്നു. കാലക്രമേണ പോപ്പിന്റെ മേൽക്കോയ്മയും പ്രാബല്യത്തിൽ വന്നു.

**മാർട്ടിൻ ലൂഥർ, കാൽവിൻ,** മുതലായവരുടെ നേതൃത്വത്തിൽ നടന്ന മതനവീകരണത്തിന്റെ കാറ്റ് ഇംഗ്ലണ്ടിൽ വീശുകയും നവീകരണാശയങ്ങൾ വേദശാസ്ത്ര പണ്ഡിതൻമാരിൽ സ്വാധീനം ചെലുത്തുകയും ചെയ്തു. പതിനേഴാം ശതകത്തിന്റെ **പൂർവാർധ**ത്തിൽ ഹൈചർച്ച് ചിന്താഗതിയും **ഉത്തരാർധത്തി**ൽ പ്രൊട്ടസ്റ്റന്റ് ചിന്താഗതിയും പ്രബലപ്പെട്ടു. റോമൻ കത്തോലിക്കാ വിശ്വാസാചാരങ്ങളുടെയും പ്രൊട്ടസ്റ്റന്റ് വിശ്വാസങ്ങളുടെയും ഏതാണ്ട് ഇടയ്ക്കുള്ള ഒരു അനുരഞ്ജനപദമാണ് **ആംഗ്ലിക്കൻ നഭയിൽ 1662-ലെ** പ്രാർഥനാ പുസ്തകത്തിന്റെ പ്രകാശനത്തോടുകൂടെ തുറക്കപ്പെട്ടത്.

രാഷ്ട്രത്തോടു ബന്ധപ്പെട്ടു വളർന്നു വികസിച്ച ചർച്ച് ഓഫ് ഇംഗ്ലണ്ട് ഒരു **സുസ്ഥാപിത സഭയെന്നനിലയിൽ (Established Church)** രാഷ്ട്രവുമായുള്ള ബന്ധം ഇന്നും പുലർത്തിപ്പോരുന്നു. ഇപ്പോൾ ഇംഗ്ലണ്ടിലെ ജനസംഖ്യയുടെ ഏകദേശം മൂന്നിൽ രണ്ടുഭാഗം ആംഗ്ലിക്കൻ സഭയുടെ അംഗങ്ങളാണ്.

ബ്രിട്ടീഷുകാർ മറ്റു രാജ്യങ്ങളിൽ കുടിയേറിപ്പാർത്ത് കച്ചവടം നടത്തുകയും സാമ്രാജ്യസീമ വർധിപ്പിക്കുകയും ചെയ്തതും ആംഗലേയ മിഷനറിമാർ സുവിശേഷപ്രചരണാർഥം നാനാരാജ്യങ്ങളിലേക്കു പോയതും ആംഗ്ലിക്കൻസഭ ഒരു ആഗോളസഭയായിത്തീരുവാൻ കാരണമായിത്തീർന്നു.

**ഇംഗ്ളണ്ടിലെ സഭയുടെ തുടർച്ചയാണ് ഇന്ത്യയിലെ C.S.I, CNI സഭകൾ.**

## ഇന്ത്യയിൽ

ആംഗ്ലിക്കൻസഭയുടെ പ്രവർത്തനം പതിനേഴാം ശതകത്തിന്റെ പ്രാരംഭത്തിൽത്തന്നെ ഇന്ത്യയിൽ ആരംഭിച്ചു. ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ ഉദ്യോഗസ്ഥൻമാരായി ഇന്ത്യയുടെ പലഭാഗങ്ങളിൽ താമസിച്ചിരുന്ന ഇംഗ്ലീഷുകാർക്ക് മതകർമങ്ങൾ നടത്തിക്കൊടുക്കുന്നതിന് ആംഗലേയ പുരോഹിതന്മാർ കമ്പനിയുടെ ചാപ്ളേന്മാരായി നിയമിക്കപ്പെട്ടു. **സൂറത്ത്, ചെന്നൈ, മുംബൈ, കൊൽക്കത്ത** എന്നിവിടങ്ങളിൽ യഥാക്രമം 1614,1647, 1661, 1690 എന്നീ വർഷങ്ങളിൽ പുരോഹിതന്മാർ നിയമിതരായി. ഇംഗ്ലീഷുകാരുടെ ആത്മീയാവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനു മാത്രമേ അവർക്ക് ഉത്തരവാദിത്തമുണ്ടായിരുന്നുള്ളുവെങ്കിലും സുവിശേഷ തത്പരരായ ചില പുരോഹിതന്മാർ അങ്ങിങ്ങായി മതാധ്യാപനത്തെ ലക്ഷ്യമാക്കി വിദ്യാലയങ്ങൾ ആരംഭിക്കുകയുണ്ടായി. തുറമുഖപ്പട്ടണങ്ങളിൽ മാത്രമല്ല. ഇംഗ്ലീഷുകാർ താമസിച്ചിരുന്ന ഉൾനാടുകളിലും **(ഉദാ. കാൺപൂർ, ബഹറൻപൂർ, ആഗ്ര, തിരുനെൽവേലി)** ചാപ്ളേൻമാർ നിയമിക്കപ്പെട്ടു. തന്നെയുമല്ല സുവിശേഷ സംഘടനകളായ എസ്.പി.സി.കെ. (Society for the Propagation of Christian Knowledge) എസ്.പി.ജി. (Society for the Propagation of Gospel) മുതലായവ പതിനെട്ടാം ശതകം മുതലും **സി.എം.എസ്.** (ചർച്ച് മിഷൻ സൊസൈറ്റി) പത്തൊമ്പതാം ശതകത്തിലും **ഇന്ത്യയിൽ** പ്രവർത്തനം ആരംഭിച്ചു. 1771–ൽ **തിരുനെൽവേലി ജില്ലയിലെ പാളയംകോട്ടയിൽ** ക്രിസ്തുമതം സ്വീകരിച്ചവർ ചേർന്നുണ്ടായ **ആംഗ്ലിക്കൻ സഭ** രൂപമെടുത്തു. സഭയിലെ ഒരു പ്രമുഖനായിരുന്ന **സത്യനാഥൻ** 1790–ൽ ആംഗ്ലിക്കൻ പൗരോഹിത്യം സ്വീകരിച്ചു.

1805–ൽ പാളയംകോട്ടയിൽ ആയിരക്കണക്കിനു ഭാരതിയർ ആംഗ്ലിക്കൻ സഭയിൽ

ചേരുകയുണ്ടായി. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചാപ്ളേനായിരുന്ന ഹെന്റി മാർട്ടിൻ സുവിശേഷപ്രചരണാർഥം അക്ഷീണം പ്രവർത്തിച്ചവരുടെ കൂട്ടത്തിൽപ്പെടുന്നു.

**ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചാർട്ടർ 1823-ൽ പുതുക്കിയതോടുകൂടിയാണ് ഇന്ത്യയിൽ ബിഷപ്പിനെ അയയ്ക്കുവാൻ വ്യവസ്ഥയുണ്ടായത്.** ഒന്നാമത്തെ ബിഷപ്പായ മിഡിൽട്ടൺ 1824-ൽ ഇന്ത്യയും ഓസ്ട്രേലിയയും പൂർവ്വദ്വീപുകളും ചേർന്ന രാജ്യങ്ങളുടെയും ബിഷപ്പായി നിയമിതനായി. ഇദ്ദേഹത്തിന്റെ ആസ്ഥാനം കൊൽക്കത്തയായിരുന്നു. പിന്നീട് ചെന്നൈ (1835), മുംബൈ (1837) തുടങ്ങിയ സ്ഥലങ്ങളിലും 1877-ൽ **തിരുവിതാംകൂർ-കൊച്ചിയെ**യും ഒരു മഹായിടവകയായി തിരിച്ച് ബിഷപ്പിന്റെ ഭരണത്തിൻ കീഴിലാക്കി.

ഇന്ത്യയിൽ ആംഗ്ലിക്കൻ സഭ സ്ഥാപിക്കുന്നതിൽ വളരെ ഔത്സുക്യം പ്രദർശിപ്പിച്ച ചാപ്ളേനായിരുന്നു **ക്ലോഡിയസ് ബുക്കാനൻ.** 1927 വരെ ഇന്ത്യയിലെ ആംഗ്ലിക്കൻസഭ ബ്രിട്ടീഷ് ഗവൺമെന്റിന്റെ കീഴീലുള്ള സുസ്ഥാപിത സഭയെന്നനിലയിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ഒരു ഭാഗമായിരുന്നു. ഏതാനും ചില അധികാരങ്ങളും പദവികളും നല്കി **മെത്രാപ്പൊലിത്താ (ആർച്ച് ബിഷപ്പ് സ്ഥാനമല്ല)** യെന്ന സ്ഥാനത്തേക്ക് 1883-ൽ കൊൽക്കത്താ ബിഷപ്പിനെ ഉയർത്തി. **ഇന്ത്യാക്കാരനായ ആദ്യ ആംഗ്ലിക്കൻ ബിഷപ്പ് വി.എസ്. അസറിയ (1912-45)** ആയിരുന്നു.

## കേരളത്തിലെ ആംഗ്ലിക്കൻ സഭ

ക്ലോഡിയസ് ബുക്കാനൻ തിരുവിതാംകൂർ സന്ദർശിച്ചതിനുശേഷം ഇംഗ്ളണ്ടിലെ സി.എം.എസ്സിന് അയച്ച റിപ്പോർട്ടിന്റെ ഫലമാ യിട്ടുകൂടെയാണ് സി.എം.എസ്. മിഷനറിമാർ കേരളത്തിൽ വന്നുചേർന്നത്. കൂടാതെ റാണിലക്ഷ്മിഭായിയുടെ കാലത്ത് അന്നത്തെ റസിഡന്റും റാണിയുടെ ദിവാനുമായിരുന്ന കേണൽ മൺറോ തന്റെ സ്വാധീനം ഉപയോഗിച്ച് മിഷനറി പ്രവർത്തനത്തിനു പ്രോത്സാഹനം നല്കുകയും കോട്ടയത്ത് സൂറിയാനി സഭയുടെ പട്ടക്കാരെ പഠിപ്പിക്കുവാൻ 1813-ൽ ഒരു കോളേജ് സ്ഥാപിക്കുകയും ചെയ്തു.

**മിഷനറിയായി വന്ന തോമസ് നോർട്ടൺ ആലപ്പുഴ** കേന്ദ്രമാക്കി (1816)

പ്രവർത്തിച്ചു.  ഇദ്ദേഹം ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തവർക്കുവേണ്ടി ആലപ്പുഴയിൽ സഭ സ്ഥാപിക്കുകയും സ്കൂളുകൾ ആരംഭിക്കുകയും ചെയ്തു. 1817–ൽ കൊച്ചി കേന്ദ്രമാക്കി തോമസ് ഡോസനും, അതേ വർഷം **കോട്ടയത്ത്** ബഞ്ചമിൻ ബെയിലിയും, 1818–ൽ ജോസഫ് ഫെന്നും, 1819–ൽ ഹെന്റി ബേക്കറും സൂറിയാനിസഭയുടെ സഹായാർഥം **സി.എം.എസ്.** അയച്ച "മിഷൻ ഓഫ് ഹെൽപ്" എന്ന ദൗത്യം നിർവ്വഹിക്കുവാൻ പരിശ്രമിച്ചു. സൂറിയാനിസഭയുമായി ഒത്തിണങ്ങി പ്പോകുവാൻ മിഷനറിമാർക്ക് കഴിയാതെ വന്നതിനാൽ 1837–ൽ അവർ തമ്മിൽ പിരിഞ്ഞു.

ആംഗ്ലിക്കൻ സഭ തിരുവിതാംകൂറിലും കൊച്ചിയിലും ആരംഭിച്ചു.  ചില സൂറിയാനി കുടുംബങ്ങൾ മിഷനറിമാരോടു ചേരുകയുണ്ടായി.  അക്കാലത്ത് അധ:കൃതരെന്നു കണക്കാക്കപ്പെട്ടിരുന്ന ദലിതരിൽനിന്നും ചിലർ ക്രിസ്തുമതം സ്വീകരിച്ച് ആംഗ്ലിക്കൻ സഭാംഗങ്ങളാകുകയും  ചെയ്തു.  1879–ൽ ബിഷപ്പ് സ്പീച്ച്ലിയുടെ കീഴിൽ **തിരുവിതാംകൂർ - കൊച്ചി ഒരു മഹായിടവകയായി** രൂപംകൊണ്ടു. ഇദ്ദേഹത്തിനുശേഷം  ഹോഡ്ജസ്, ഗിൽ, മൂർ, കോർഫീൽഡ്, സി.കെ. ജേക്കബ് എന്നിവർ ആംഗ്ലിക്കൻ ബിഷപ്പുമാരായി സഭയ്ക്കു നേതൃത്വം നല്കിയിട്ടുണ്ട്.

ആംഗ്ലിക്കൻ സഭയുടെ **നാട്ടുകാരനായ ആദ്യത്തെ പട്ടക്കാരൻ മലയാള വ്യാകരണകൃത്തും പ്രസിദ്ധ ഗദ്യകാരനും ആയിരുന്ന ജോർജ്ജു മാത്തനും, ആദ്യത്തെ നാട്ടുകാരനായ ബിഷപ്പ് സി.കെ. ജേക്കബും ആയിരുന്നു.**

**ഈ സഭകളിൽ പാതാളഗോപുരത്തിന്റെ പ്രവൃത്തികൾ മൂലം കർത്താവിന് ഹിതകരമല്ലാത്ത പല കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.  ഈവക പ്രവൃത്തികൾക്ക് തുടക്കം എവിടെയാണ്? മതങ്ങളുടെ ഏകീകരണം, ബൈബിളിന്റെ ഭാഗമായി അപ്പോക്രിഫാ ഗ്രന്ഥങ്ങൾ ചേർക്കൽ, പ്രതിമയെ ആരാധിക്കൽ, ഹിജഡകളെ ശുശ്രൂഷകരാക്കൽ, സ്ത്രീ ശാക്തീകരണം എന്ന പേരിൽ സ്ത്രീകൾക്ക് Ordination, രക്ഷയെ അടിസ്ഥാന ഉപദേശങ്ങളുടെ പട്ടികയിൽ ചേർക്കാതിരിക്കൽ തുടങ്ങി പാതാള ഗോപുരത്തിന്റെ പ്രവൃത്തികളുടെ പട്ടിക  നീണ്ടുപോകുന്നു!**

ഇതിന് പോംവഴി എന്താണ്? തെറ്റുകൾ എങ്ങനെ തിരുത്താം. ആദ്യം അതിന്

ചരിത്രം മനസ്സിലാക്കണം. **ആംഗ്ലിക്കൻ സഭയുടെ ഉൽപത്തി, ഉപദേശം** എന്നിവ മനസ്സിലാക്കിയാൽ ഇന്ന് നടക്കുന്ന പല വികൃത രൂപങ്ങളുടെ പിൻപിലുള്ള ശക്തി ഏതെന്ന് മനസ്സിലാക്കാം. വരൂ, നമുക്ക് 16 ാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലെ സഭയിലേക്ക് ചെല്ലാം.

**ഒന്നാം നൂറ്റാണ്ടിൽ സഭയുടെ തലവൻ ക്രിസ്തുവായിരുന്നു. രണ്ടാം നൂറ്റാണ്ടിൽ സഭയുടെ തലവൻ സഭാ പിതാക്കന്മാരായി. മൂന്നാം നൂറ്റാണ്ടിൽ സഭയുടെ തലവൻ രാജ്യത്തിന്റെ ചക്രവർത്തിയും പോപ്പും തുല്യമായി വീതിച്ചെടുത്തു.** പതിനാറാം നൂറ്റാണ്ടിൽ ആംഗ്ലിക്കൻ സഭ സ്ഥാപിതമായപ്പോൾ സഭയുടെ തലയായി ഇംഗ്ലണ്ടിലെ രാജാവും കാന്റർബറി ആർച്ച് ബിഷപ്പുമായിത്തീർന്നു. വചനത്തിന്റെ എട്ടും പൊട്ടും അറിയാത്ത രാജാവ് സഭയുടെ പരമാധികാരിയായി മാറി. രാജാവിന് ബോധിച്ച പോലെ സഭയെ നടത്തി. **ആ ഇരുണ്ട കാലം** ഇന്നും ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

പഥ്യോപദേശത്തിന്റെ ബാലപാഠങ്ങൾ പോലും അറിയാത്ത നേതൃത്വം ഇന്നും നമുക്ക് വരുത്തിവയ്ക്കുന്ന വിനകൾ ചില്ലറയല്ല. ആംഗ്ലിക്കൻ സഭ (ഇന്ത്യയിൽ C.S.I., CNI) യുടെ ഉത്പത്തിയും ഉപദേശ സംഹിതയും വ്യക്തമായി മനസ്സിലാക്കുമ്പോൾ വായനക്കാരിൽ ഏറെ മാറ്റങ്ങൾ ഉണ്ടാകും എന്ന വിശ്വാസം എനിക്കുണ്ട്. സഭയെ നിരന്തരം ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവ് നിങ്ങളിലൂടെ ഈ നാളുകളിൽ ഒരു ശുദ്ധികലശം നടത്താൻ ആഗ്രഹിക്കുന്നു. വായിക്കുക! ചിന്തിക്കുക!! പ്രവൃത്തിക്കുക!!!

## A. ആംഗ്ലിക്കൻ സഭയുടെ ഉത്പത്തി

### നവീകരണം - ഇംഗ്ലണ്ടിൽ പ്രേരക കാരണങ്ങളും ലക്ഷ്യവും

1. ഇംഗ്ലണ്ടിൽ നവീകരണത്തിന് പ്രേരകമായത് പലവിധ കാരണങ്ങൾ ആണ്.
2. നവീകരണം സംബന്ധമായ വലിയ കാഴ്ചപ്പാടൊന്നും ഇക്കാലത്ത് ഇംഗ്ലണ്ടിലെ സഭാ നേതാക്കളുടെ ഇടയിൽ ഉണ്ടായിരുന്നില്ല. എന്നാൽ ചില പട്ടക്കാരെങ്കിലും വിശ്വാസപ്രമാണം ലളിതവും, അതോടൊപ്പം തന്നെ അത് വേദപുസ്തകവുമായി ബന്ധപ്പെട്ടത് ആയിരിക്കണമെന്നും, സഭാ ഭരണവും ആരാധനയും അപ്പോസ്തലിക

സഭയുടെ രീതിയിൽ ആയിരിക്കണമെന്നും ആഗ്രഹിച്ചിരുന്നു. എന്നാൽ ബഹുഭൂരിപക്ഷവും മാറ്റങ്ങൾ കാണുവാൻ ആഗ്രഹിച്ചത്: പട്ടക്കാരുടെ വിശിഷ്ഠാ സന്യാസപട്ടക്കാരുടെ ധാർമ്മികതയിലും, സഭാ സ്വത്തുക്കളിന്മേൽ കരം ചുമത്തുന്നതിലും, മെത്രാസനങ്ങളുടെയും സന്യാസാശ്രമങ്ങളുടെയും സമ്പത്തിന്റെ പരിധി നിശ്ചയിക്കുന്നതിലും ആണ്. മാത്രമല്ല, അവർ പട്ടക്കാരുടെ വേദപുസ്തക പരിജ്ഞാനക്കുറവിലും ധാർമ്മികതയുടെ അധ:പതനത്തിലും അതൃപ്തരായിരുന്നു. രാഷ്ട്രീയവും, സാമൂഹികവും ആയ കാരണങ്ങളിൽ പാപ്പായുടെ അധികാരവകാശങ്ങൾ നിയന്ത്രിക്കുന്നതിലും, ഇംഗ്ലണ്ടിലെ ധനം റോമിലേക്ക് പോകുന്നത് നിരോധിക്കുന്നതിലും അവർ തല്പരരായി കാണപ്പെട്ടു.

3. വേദപുസ്തകം, പൊതുവായി പറഞ്ഞാൽ പലർക്കും അപ്രാപ്യമായിരുന്നു. മേല്പട്ടക്കാർക്ക് സഭാ ശുശ്രൂഷയിൽ ഉള്ള പങ്കാളിത്തം തുലോം വിരളമായി കാണപ്പെട്ടു. അവരിൽ പലരും രാജ്യത്തിലെ വിവിധ ചുമതലകൾ വഹിച്ചിരുന്നു. ചിലരാകട്ടെ തങ്ങളുടെ ഭദ്രാസനങ്ങളിൽ താമസിച്ചിരുന്നില്ല. മാത്രമല്ല, പലരും ഇംഗ്ലണ്ടിൽ തന്നെ ഉണ്ടായിരുന്നില്ല. സഭാധികാരികൾ ഇങ്ങനെ ആയിരിക്കെ വചനത്തിൽ അന്ധരായ ജനത്തിന്റെ കാര്യം പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ? അവരും എല്ലാ വിധ അജ്ഞതയിലും, ചൂഷണത്തിലും, അടിസ്ഥാന രഹിത വിശ്വാസാചാരങ്ങളിലും, ദുർവൃത്തതകളിലും കുടുങ്ങിക്കിടന്നിരുന്നു.

4. **ഹെൻട്രി എട്ടാമൻ** ഇംഗ്ലണ്ടിൽ രാജാവായിരുന്ന കാലത്താണ് ശക്തമായ മാറ്റങ്ങൾക്ക് നാന്ദി കുറിച്ചത്. ഇംഗ്ലണ്ടിൽ ഗ്രീൻവിച്ച് എന്ന സ്ഥലത്ത് എ.ഡി. 1491 ജൂൺ 28നു ഇദ്ദേഹം ജാതനായി. ഹെൻട്രി റ്റ്യൂഡർ വംശത്തിലെ ദ്വിതീയ രാജാവായി, തന്റെ പിതാവും റ്റ്യൂഡർ വംശത്തിലെ പ്രഥമ രാജാവുമായ ഹെൻട്രി ഏഴാമന്റെ (എ.ഡി 1485 – 1509) പിൻഗാമിയായി എ.ഡി. 1509 ഏപ്രിൽ 21 നു രാജ്യഭാരം കൈയേറ്റു. പില്ക്കാലത്ത് അയർലണ്ടിലെ രാജാവായും തീർന്നു.

5. ഹെൻട്രി ആദ്യകാലത്ത് റോമൻ കത്തോലിക്കാസഭാംഗം ആയിരുന്നെങ്കിലും, തന്റെ വ്യക്തിഗത ജീവിതവും, അതിലെ തകർച്ചകളും റോമുമായുള്ള ബന്ധത്തിൽ ഉലച്ചിൽ ഉണ്ടാക്കുവാൻ കാരണഭൂതമായി. താൻ ആറു പ്രാവശ്യം ഒന്നിനു പുറകേ

ഒന്നായി വിവാഹിതനായി. സ്പെയിനിലെ രാജ ദമ്പതികളായ ഫെർഡിനാൻഡ് രണ്ടാമന്റെയും ഇസബെല്ലാ 1 ന്റെ മകളും, ആരഗനിലെ സ്പാനിഷ് രാജകുമാരിയുമായ കാതറിൻ (എ.ഡി 1485 – 1536 ജനുവരി) ആയിരുന്നു തന്റെ പ്രഥമ പത്നി.

ഹെന്റി എട്ടാമൻ രാജാവ്, തന്റെ ഭാര്യയായ കാതറിൻ രാജ്ഞി ജീവിച്ചിരിക്കതന്നെ കൊട്ടാരം നർത്തകിയായ ആനിബോളിനെ വിവാഹം കഴിക്കാൻ തീരുമാനിച്ച് മാർപാപ്പായ്ക്ക് കത്തയച്ചു. എന്നാൽ **മാർപാപ്പ വിവാഹത്തിന് അനുവാദം നല്കിയില്ല. ഇതിൽ പ്രതിക്ഷേധിച്ച് രാജാവ് ആംഗ്ലിക്കൻ സഭ സ്ഥാപിക്കുകയാണുണ്ടായത്.**

വിവാഹമോചനം അനുവദിക്കപ്പെടാത്തതിനെ തുടർന്ന് ഹെൻട്രി ഇംഗ്രണ്ടിലെ മതപരമായ കാര്യങ്ങളിൽ തന്റെ അധീശത്വം പുലർത്തുവാൻ തുടങ്ങി. ഹെൻട്രി പാപ്പായെ നിശിതമായി വിമർശിക്കുകയും അവഗണിക്കുകയും ചെയ്തു. **എ.ഡി 1529 നവംബറിൽ ഹെൻട്രി പാർലമെന്റ് വിളിച്ചുകൂട്ടി.** ഇതാണ് ഏഴ് വർഷ പാർലമെന്റ് അഥവാ നവീകരണ പാർലമെന്റ് എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ച പാർലമെന്റ്. പ്രസ്തുത പാർലമെന്റ് ഹെൻട്രിക്ക് കാര്യമായ പിന്തുണ പ്രഖ്യാപിച്ചു. ഇത് ഹെൻട്രിയുടെ മുമ്പോട്ടുള്ള പ്രവൃത്തികൾക്ക് ഒത്താശയായി ഭവിച്ചു. തുടർന്ന് തന്റെ ഭരണാരംഭത്തിൽ രാജ്യകാര്യങ്ങളിൽ ഉപദേശം നല്കുകയും, രാഷ്ട്രീയ രംഗങ്ങളിൽ അമിതമായ സ്വാധീനം ചെലുത്തുകയും, ഇംഗ്ലണ്ടിൽ പാപ്പായുടെ പ്രതിനിധിയുമായ കർദ്ദിനാൾ തോമസ് വോൾസെ (ഉ. എ.ഡി 1471 – 1530) യെ സ്ഥാനഭ്രഷ്ടനാക്കി. ഇതിന്റെ പ്രഥമ കാരണം തോമസ് വോൾസെ പാപ്പായുടെ പ്രതിനിധി ആയിരുന്നു എന്നതുതന്നെയാണ്. കൂടാതെ വോൾസെയെ ഇംഗ്ലണ്ടിലെ പട്ടക്കാർ ഹാർദ്ദവമായി സ്വീകരിച്ചിരുന്നു. വോൾസെയ്ക്ക് എതിരായി ഹെൻട്രിയിൽ അപ്രീതി ഉളവായതോടെ വോൾസെ എ.ഡി. 1531 ലെ Praemunire നിയമം ലംഘിച്ചെന്ന് ആരോപിക്കുകയും, വോൾസെയെ അനുകൂലിച്ച് എല്ലാ പട്ടക്കാരും അതിൽതന്നെ കുറ്റക്കാരനെന്നും ഹെൻട്രി വിധിച്ചു. വോൾനെയ്ക്കും പട്ടക്കാർക്കും സ്വത്തുക്കളിന്മേൽ ഉള്ള അവകാശങ്ങൾ നിക്ഷേധിക്കുകയും ചെയ്തു. പട്ടക്കാർ പണം നല്കി തങ്ങളുടെ നില സുരക്ഷിതമാക്കി. കൂടാതെ ഹെൻട്രി സഭയുടെയും പട്ടക്കാരുടെയും ഏക തലവൻ (only head) ആണെന്ന്

അംഗീകരിച്ചുകൊണ്ട് ഹെൻട്രിയോടുള്ള വിധേയത്വം അവർ പ്രകടമാക്കി. ഇതിൽ തൃപ്തനാകാതെ ഹെൻട്രി താഴെപ്പറയുന്ന നാലുകാര്യങ്ങളിൽകൂടി അവർ സമ്മതിക്കേണ്ടതാണെന്ന് ശഠിച്ചു. അവ നാലും അവർക്ക് അംഗീകരിക്കേണ്ടതായും വന്നു. **ഒന്ന്,** രാജാവിന്റെ അനുവാദവും അംഗീകാരവും കൂടാതെ സഭാനിയമങ്ങൾ ഉണ്ടാക്കുകയോ, പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുകയില്ല. **രണ്ട്,** സഭയുടെ പുരാതന കാനോൻ പരിഷ്ക്കരിക്കുന്നതിന് 32 അംഗങ്ങൾ ഉള്ള കമ്മറ്റിയെ നിയമിക്കുന്നതിന് അനിവദിക്കുക. **മൂന്ന്,** രാജാധികാരത്തോടുള്ള എല്ലാ മുൻവിധികളും ഒഴിവാക്കുക. **നാല്,** സഭാ കാനോനകൾക്ക് നിയമസാധുത്വം കൈവരുന്നത് രാജാവിന്റെ സമ്മതം ലഭിക്കുമ്പോൾ മാത്രമാണ് എന്ന് പ്രസ്താവിക്കുക. എ.ഡി. 1532 ൽ ഇംഗ്ലണ്ടിൽ സഭയുടെ പൊതു അസംബ്ലി ഇവ നാലും അംഗീകരിച്ചതിനു പുറമേ റോമാ സിംഹാസനത്തിന് ആദ്യ വർഷവരുമാനം കൊടുക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തു. ഇതിനനുസരണമായി Conditional Restraint of Annates Act (1532) എന്ന നിയമവും പാസ്സാക്കി. എന്നാൽ പ്രസ്തുത വരുമാനം രാജാവിന്റെ ട്രഷറിയിൽ അടയ്ക്കുവാൻ ഹെൻട്രി ആവശ്യപ്പെട്ടു. ഇതോടെ പട്ടക്കാർക്ക് ഹെൻട്രയുടെ ഹിതത്തിന് പൂർണ്ണമായും വഴങ്ങേണ്ടി വന്നു. **ഇതിനാണ് എ.ഡി. 1532 ൽ സംഭവമായ പട്ടക്കാരുടെ കീഴടങ്ങൽ എന്ന് പറയുന്നത്.** എ.ഡി. 1533 ഫെബ്രുവരിയിൽ Act in Restraint of Appeals എന്നൊരു നിയമം പാർലമെന്റ് പാസ്സാക്കി. അങ്ങനെ റോമിലേയ്ക്കുള്ള എല്ലാ അപ്പീലുകളും തടഞ്ഞു. ഇതോടെ കാര്യങ്ങളെല്ലാം പാപ്പായുടെ പിടിയിൽ നിന്ന് അകന്നു പോകുകയും ചെയ്തു.

7. കാതറിനുമായുള്ള ഹെൻട്രിയുടെ വിവാഹത്തിന്റെ സാധുത തിട്ടപ്പെടുത്തുവാൻ ഇംഗ്ലണ്ടിലെയും യൂറോപ്പിലെയും മറ്റും പ്രമുഖ സർവ്വകലാശാലകളിലെ വേദശാസ്ത്രജ്ഞരോട് ആവശ്യപ്പെടുന്നത് നല്ലതാണെന്ന് ആർച്ച് ബിഷപ്പ് ക്രാൻമർ അഭിപ്രായപ്പെട്ടു. **ജൂലിയസ് രണ്ടാമൻ പാപ്പാ തന്റെ അധികാര പരിധി ലംഘിച്ചാണ് വിവാഹത്തിന് അനുമതി നല്കിയതെന്നും ആകയാൽ വിവാഹം അസാധുവാണെന്നും അതൊരു യഥാർത്ഥ വിവാഹം അല്ലെന്നും ഒരു വിഭാഗം**

**വിധിച്ചു. പ്രസ്തുത വിധി സമ്പാദിപ്പാൻ വിധികർത്താക്കൾക്ക് ധാരാളം പണം നല്കിയതായും പറയപ്പെടുന്നു.** ഏതായാലും ഹെൻട്രി സന്തുഷ്ടനായി. രാജാവ് ഇച്ഛിച്ച പ്രകാരം കാതറിനുമായുള്ള തന്റെ വിവാഹം തോമസ് ക്രാൻമർ വേർപെടുത്തി കൊടുത്തു. കൂടാതെ ഹെൻട്രി കാതറിനെ തന്റെ രാജ്ഞിയായി കണക്കാക്കുന്നതിൽ നിന്നും ജനത്തെ ഒരു പ്രസ്താവനയിൽക്കൂടി തടഞ്ഞു. എ.ഡി 1533 മാർച്ചിൽ പാർലമെന്റ് First Act of Succession എന്ന നിയമത്തിലൂടെ കാതറിനുമായി ഹെൻട്രി നേരത്തെ തന്നെ നടന്ന വിവാഹം (എ.ഡി 1533 ജനുവരി 25) അസാധുവായി പ്രഖ്യാപിക്കുകയും ചെയ്തു. ഇതേ Succession Act എ.ഡി 1534 ൽ കാതറിനിൽ ഹെൻട്രിക്ക് ജനിച്ച മേരിയെ നിയമാനുസൃതയല്ലായെന്നും (illegitimate) വിധിച്ചു.

8. എ.ഡി. 1533 ജൂൺ 1 നു ആനി ബോളിനെ രാജ്ഞിയായി കിരീടം ധരിപ്പിച്ച് കാന്റർബറി ആർച്ച് ബിഷപ്പ് അഭിഷേകം ചെയ്തു.

9. ആനിബോളിനും ഒരു പുരുഷ സന്താനത്തെ പ്രദാനം ചെയ്യുവാൻ സാധിച്ചില്ല. എ.ഡി. 1533 സെപ്റ്റംബർ 7നു താൻ ജന്മം ഏകിയത് ഒരു പെൺകുഞ്ഞിനായിരുന്നു – എലിശബേത്ത് 1. മേരി നിയമാനുസൃതമല്ലാത്തവൾ ആയി വിധിക്കപ്പെട്ടതിനെത്തുടർന്ന് എ.ഡി. 1534 നവംബറിൽ പാർലമെന്റ് പാസ്സാക്കിയ Succession Act തന്നെ ആനിബോളിന്റെ മകൾ എലിശബേത്തിനെ അടുത്ത അവകാശിയായി പ്രഖ്യാപിച്ചു. കൂടാതെ **ഇംഗ്ലണ്ടിലെ സഭയ്ക്ക് ഏകപരമാധികാര തലവൻ (Only Supreme head of the church in earth) ആയും തെറ്റുകുറ്റങ്ങളും ദുരുപദേശങ്ങളും നീക്കം ചെയ്യുവാൻ ഉള്ള അധികാരിയായും ഹെൻട്രി പ്രഖ്യാപിക്കപ്പെട്ടു.** ഇപ്രകാരം സഭാ നിയമങ്ങളിൽ സിവിൾ നിയമങ്ങൾക്കുള്ള പ്രാമുഖ്യം അതായത് രാജകീയാധികാരം (Royal Supremacy) ഹെൻട്രിയുടെ കരങ്ങളിൽ വന്നു ചേർന്നു. **ഈ നിയമത്തിൽ ഇംഗ്ലണ്ടിലെ സഭയെ ആംഗ്ലേയ സഭ ( Anglicana Ecclesia)എന്നാണ് അഭിസംബോധന ചെയ്തിരിക്കുന്നത്.** എ.ഡി. 1534 ൽ വീണ്ടും ഒരു നിയമത്തിലൂടെ ഇംഗ്ലണ്ടിലും , വെയിത്സിലും അസിസ്റ്റന്റ് ബിഷപ്പുമാരെ നിയമിക്കുവാനുള്ള അധികാരവും **പാർലമെന്റ് പാസ്സാക്കി.** Suffragan Bishop’s Act എന്ന പേരിൽ ഇത് അറിയപ്പെടുന്നു. ഏതാണ്ട് 25 സ്ഥലങ്ങൾ ഇപ്രകാരം അസിസ്റ്റന്റ് ബിഷപ്പന്മാർ നിയമിക്കപ്പെടേണ്ടുന്ന സ്ഥലങ്ങളായി പരിഗണിക്കപ്പെട്ടു. തന്നാണ്ടിൽ തന്നെ പാസ്സാക്കിയ വേറൊരു നിയമമാണ് The Act Concerning Peter Pence and Dispensa-

tions (Ecclesiastical Licences Act1534) ഇതു മൂലം Peter Pence, അതായത് സാക്സൺ ഭരണാധിപനും മഹാനായ ആൾഫ്രഡ് രാജാവിന്റെ (എ.ഡി. 849 – 899) കാലം മുതൽ നിലവിൽ ഇരുന്നതും പ്രതിവർഷം റോമിലേയ്ക്ക് നല്കിയതുമായ ഒരു പെനി (One Penny Payment) യും വിവിധ പേരുകളിൽ അറിയപ്പെടുന്ന മറ്റ് പല ഇനങ്ങളും (ഉദാ: Pensions, Cences, Portions, Procurations, Fruits എന്നിവ) റോമിലേയ്ക്ക് അയയ്ക്കുന്ന പതിവ് നിർത്തലാക്കി. കൂടാതെ പാപ്പായ്ക്ക് വ്യവസ്ഥകൾ ഒഴിവാക്കാൻ (Dispensations) ഉള്ള അധികാരവും അതുപോലെയുള്ള മറ്റ് അവകാശങ്ങളും (ഉദാ: licences, compositions, grants തുടങ്ങിയവ) എടുത്തുമാറ്റി, പകരം പ്രസ്തുത അധികാരങ്ങൾ കാന്റർബറി ആർച്ചു ബിഷപ്പിന് കൊടുത്തു.

10. എ.ഡി 1533 മുതൽ 1536 വരെ ഇംഗ്ലണ്ടിലെ രാജ്ഞി പദം അലങ്കരിച്ച ആനിബോളിൽ വ്യഭിചാരം, രാജ്യദ്രോഹം (treason) എന്നീ കുറ്റങ്ങൾ ആരോപിക്കപ്പെട്ട് എ.ഡി. 1536 മേയ് 19 നു ശിരച്ഛേദം ചെയ്യപ്പെട്ടു. തികഞ്ഞ ലാഘവത്തോടെ ഹെൻട്രി തന്റെ പ്രവർത്തനങ്ങൾ തുടരുകയും ചെയ്തു.

11. ഹെൻട്രിയുടെ ക്രൂരത താണ്ഡവമാടിയപ്പോൾ തന്റെ രോഷാഗ്നിയിൽ എത്രപേർ ഹോമിക്കപ്പെട്ടു എന്ന് പറയുക എളുപ്പമല്ല. ചരിത്ര ഗതിയെ അലോസരപ്പെടുത്തുന്ന സംഭവങ്ങളുടെ പരമ്പര. അക്കാലത്ത് അരങ്ങേറിയതിന്റെ ഏകദേശരൂപം നേരത്തെതന്നെ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. തനിക്കെതിരായി ധൈഷണികമായി പ്രതികരിച്ചവരും തന്റെ ഇംഗിതത്തിനുമുമ്പിൽ നിസ്സംഗതയോടെ പെരുമാറിയവരും എല്ലാം തന്റെ പ്രതികാരത്തിന് ഇരയായി. അക്കൂട്ടത്തിൽ മെത്രാന്മാരും, പട്ടക്കാരും, ഫ്രാൻസിസ്കൻ, കാർത്തുസിയൻ സന്യാസക്രമങ്ങളിലെ പുരോഹിത സന്യാസികളും, കന്യാസ്ത്രീകളും, ഇതരസന്യസ്ഥരും, സ്ത്രീ–പുരുഷന്മാർ ഉൾപ്പെടുന്ന സാധാരണ ജനവും, ധനികരും, ദരിദ്രരും എല്ലാം ഉൾപ്പെട്ടിരുന്നു. തൂക്കിലിടപ്പെട്ടവർ, ശിരച്ഛേദം ചെയ്യപ്പെട്ടവർ, അഗ്നിക്കിരയായവർ, തടവറയിലെ പട്ടിണിയിലും ശൈത്യത്തിലും ജീവൻ വെടിഞ്ഞവർ ഒക്കെയും ആ ഗണത്തിൽ ഉണ്ട്. **നിഷ്ഠൂരതയുടെ ഈ കാലം 'ഇംഗ്ലീഷ് ഭീകരത'** യെന്ന് വിളിക്കപ്പെടുന്നു.

12. ഹെൻട്രിയുടെ കുത്തഴിഞ്ഞ ജീവിതത്തെ ചോദ്യം ചെയ്ത നവീകരണ

കർത്താക്കളിൽ പലരും വിദേശത്തേയ്ക്ക് രക്ഷപ്പെട്ടെങ്കിലും അവരും പലവിധ യാതനകൾക്ക് വശംവദരായി. സന്യാസിമാരിൽ അനേകരും പലായനം ചെയ്തു. മതസ്ഥാപനങ്ങളിലെ കൊള്ളയും, കൊള്ളിവെയ്പ്പും എല്ലാവിധ പരിധികൾക്കും അപ്പുറത്തായിരുന്നു. യോർക്ക്ഷയർ, ലിങ്കൺഷയർ, കമ്പർലാൻഡ് തുടങ്ങി പല സ്ഥലങ്ങളിലും സംഘർഷങ്ങൾ ഉണ്ടായി. പ്രൊട്ടസ്റ്റന്റ് നവീകരണ നേതാക്കളിൽ ഒരുവനും, വേദപുസ്തക പരിഭാഷകനുമായ വില്ല്യം റ്റിൻഡേയിലിനെ ഹെൻട്രിയുടെ ആജ്ഞപ്രകാരം ദുരുപദേശകൻ എന്ന് മുദ്രകുത്തി എ.ഡി. 1536 ഒക്ടോബർ 6 നു ബെൽജിയത്തിലെ ബ്രസ്സിൽസിനു സമീപെ കഴുത്ത് ഞെരിച്ച് കൊന്നതിനുശേഷം അഗ്നിക്കിരയാക്കി. റ്റിൻഡേയിലിന്റെ അവസാനവാക്കുകൾ ഇതായിരുന്നു: ‘‘കർത്താവേ, ഇംഗ്ലണ്ടിലെ രാജാവിന്റെ കണ്ണുകൾ തുറക്കണമേ’’.

13. ആനിബോളിൻ കൊല്ലപ്പെട്ടതോടെ, അതായത് ഏതാനും നാളുകൾക്ക് ശേഷം ആനിബോളിന്റെ സഹായികളിൽ ഒരാളായ (lady assistant) ജയിൻ സെയ്മൂറിനെ (എ.ഡി. 1508 – 1537) ഹെൻട്രി തന്റെ മൂന്നാമത്തെ രാജ്ഞിയായി എ.ഡി. 1536 മെയ് 30 നു പരിണയിച്ചു. എ.ഡി. 1536 ജൂണിൽ പാർലമെന്റ് രണ്ടാമത്തെ നിയമം പാസ്സാക്കി. ഇതിന്റെ പ്രധാന ഉദ്ദേശ്യം മേരിയേയും, എലിശബേത്തിനെയും കിരീടാവകാശികളുടെ സ്ഥാനത്തുനിന്ന് മാറ്റുകയും ജയിൻ സെയ്മൂറിന്റെ സന്താനത്തിനോ സന്താനങ്ങൾക്കോ കിരീടാവകാശികളുടെ നിരയിൽ സ്ഥാനം ഉറപ്പാക്കുകയും ചെയ്യുകയായിരുന്നു. തന്റെ താല്പര്യങ്ങളുടെ സംരക്ഷണാർത്ഥം ഹെൻട്രി എന്തും ചെയ്യുവാൻ തിടുക്കം കൂട്ടിയിരുന്നുവെന്നത് ഒരിക്കൽകൂടി ഈ സന്ദർഭത്തിൽ വ്യക്തമാകുന്നുണ്ട്. ഹെൻട്രി –ജയിൻ ദാമ്പത്യം തികച്ചും ഹ്രസ്വമായിരുന്നു. എങ്കിലും ജയിൻ സെയ്മൂറിന് ഒരു ആൺകുഞ്ഞിന് – എഡ്വേർഡിന് (എ.ഡി. 1537 – 1553)– എ.ഡി. 1537 ഒക്ടോബർ 12 ന് ജന്മം നല്കുവാൻ സാധിച്ചു. ജയിൻ സെയ്മൂർ എ.ഡി. 1537 ഒക്ടോബർ 24 നു നിര്യാതയായി.

**തിരസ്കരിക്കപ്പെട്ട ദാമ്പത്യങ്ങൾ**

ഉയർന്നു വരുന്ന ഭിന്നാഭിപ്രായങ്ങളുടെ മദ്ധ്യേ ഹെൻട്രി നാലാമത്തെ വിവാഹത്തിന് തയ്യാറായി. ഇപ്രാവശ്യം തന്റെ പത്നി പദത്തിനായി തിരഞ്ഞെടുത്തത് ജർമ്മനിയിലെ ജൂലിക് – ക്ലിവ്സ് – ബർഗിലെ പ്രഭുവായ വില്ല്യമിന്റെ സഹോദരി ആനി (എ.ഡി. 1515 – 1557) യെ ആയിരുന്നു.

14. ഹെൻട്രി തന്റെ അഞ്ചാമത്തെ വൈവാഹിക ജീവിതത്തിൽ പ്രവേശിച്ചു. നോർഫോക്കിലെ പ്രഭുവായ തോമസ് ഹോവാർഡിന്റെ മകനായ എഡ്മണ്ട് ഹോവാർഡ് പ്രഭുവിന്റെ മകൾ കാതറിൻ ഹോവാർഡിനെ (എ.ഡി. 1521 – 1542) എ.ഡി. 1540 ജൂലൈ 23 നു വിവാഹം ചെയ്തു. പക്ഷേ പ്രസ്തുത ബാന്ധവത്തിലും ദുരന്തം അതിന്റെ പങ്ക് വഹിച്ചു. കാതറിൻ ഹോവാർഡിനെ പ്രാരംഭഘട്ടത്തിൽ ഹെൻട്രി അംഗീകരിച്ചെങ്കിലും രണ്ടു വർഷങ്ങൾക്കുള്ളിൽ കാതറിൻ ഹെൻട്രിയും അനിഷ്ഠത്തിന് ഇരയായി. വ്യഭിചാരം, വഞ്ചന എന്നീ കുറ്റങ്ങൾ ആരോപിക്കപ്പെട്ട് കാതറിൻ എ.ഡി. 1542 ഫെബ്രുവരി 13 നു തന്റെ മാതുലന്റെ പുത്രിയും, ഹെൻട്രിയുടെ രണ്ടാമത്തെ രാജ്ഞിയുമായിരുന്ന ആനിബോളിനെപ്പോലെ തന്നെ ശിരച്ഛേദം ചെയ്ത് കൊല്ലപ്പെട്ടു.

15. നോർത്ത് ഹാംടൻഷയറിലെ സർ തോമസ് പാറിന്റെ മകളും, ധനികയും, വിധവയുമായ കാതറിൻപാറി (ഉ. എ.ഡി. 1512 – 1548) നെ ഹെൻട്രി എ.ഡി. 1543 ജൂലൈ 2 നു തന്റെ ആറാമത്തെ രാജ്ഞിയായി സ്വീകരിച്ചു. ഇത് ഹെൻട്രിയുടെ ആറാമത്തെ വിവാഹം എന്നതു പോലെ, **കാതറിന് ഇത് മൂന്നാമത്തെ വിവാഹം** ആയിരുന്നു. ഇംഗ്ലണ്ടിലെ രാജ്ഞി എന്നതിനോടൊപ്പം തന്നെ അയർലണ്ടിന്റെ രാജ്ഞി എന്ന പദവിയും പ്രസ്തുത വിവാഹത്തോടെ കാതറിന് ലഭ്യമായി. കാതറിൻ ആദ്യം കത്തോലിക്കാ വിശ്വാസിയായിരുന്നെങ്കിലും പിന്നീട് പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിലേയ്ക്ക് തിരിയുകയുണ്ടായി. ഹെൻട്രിയുടെ മരണാനന്തരം കാതറിൻ നാലാമതും വിവാഹിതയായി. ഇതിൽ തനിക്ക് ഒരു പുത്രിയും ജനിച്ചു – മേരി സെയ്മൂർ. കാതറിൻ എ.ഡി. 1548 സെപ്റ്റംബർ 5 നു നിര്യാതയായി.

16. ഹെൻട്രി എട്ടാമൻ എ.ഡി 1548 ജനുവരി 28 നു മരണപ്പെട്ടു. അങ്ങനെ സാഹസീകത യും, ക്രൂരതയും, രക്തക്കറയും നിറഞ്ഞ ജീവിതത്തിന് തിരശ്ശീല വീണു.

17. സകല അധികാരവും തന്റെ കൈയ്യിലാക്കുക എന്നത് തന്റെ സ്വകാര്യജീവിത ത്തിനും അനിവാര്യമെന്ന് ഹെന്റടി കണ്ടു. അതിന്നായി തന്റെ രാജകീയ അധികാര ങ്ങൾക്കൊപ്പം സഭയുടെ ഏക തലവൻ എന്ന സ്ഥാനം സ്വീകരിക്കുകയും, പാർലമെന്റിന്റെ പിന്തുണ ഉറപ്പാക്കുകയും ചെയ്തു. തന്റെ ഹിതാനുസാരികളെ പ്രോത്സാഹിപ്പിച്ചു. തനിക്ക് അഹിതം പ്രവർത്തിച്ചവരെ നിഷ്കരുണം തുറങ്കിലടയ്ക്കുകയോ വധിക്കുകയോ ചെയ്തു. തന്റെ രാഷ്ട്രീയവും സ്വകാര്യവുമായ ജീവിതം താൻ പടുത്തുയർത്തിയ സ്വേച്ഛാ

ധിപത്യത്തിന്റെ എക്കാലവും നിലനില്ക്കുന്ന സാക്ഷ്യങ്ങൾ തന്നെയാണ്. തന്റെ രാജപത്നീപദം സ്വീകരിച്ചവരിൽ ഒന്നാമത്തേയും (ആരഗണിലെ കാതറിൻ), രണ്ടാമത്തേയും (ആനിബോളിൻ), നാലാമത്തെയും (ക്ലീവ്സിലെ ആനി), അഞ്ചാമത്തെയും (കാതറിൻ ഹോവാർഡ്) പത്നിമാരുമായുള്ള വിവാഹ ബന്ധങ്ങൾ ഓരോ കാരണം ഉന്നയിച്ച് താൻ വേർപെടുത്തി. മൂന്നാമത്തെ (ജയിൻ സെയ്മൂർ) പത്നി പ്രകൃത്യായുള്ള മരണത്തിന് വിധേയയായി. തന്റെ വിവാഹ ബന്ധത്തിൽ തനിക്ക് രണ്ട് പുത്രിമാരും (ആരഗണിലെ കാതറിന് ജനിച്ച മേരി 1, ആനിബോളിൽ ജനിച്ച എലിശബേത്ത് 1), ഒരു പുത്രനും (ജയിൻ സെയ്മൂറിൽ ജനിച്ച എഡ്വേർഡ് 6) ഉണ്ടായിരുന്നു. ഇവർ മൂവരും ഇംഗ്ലണ്ടിലെ രാഷ്ട്രീയ മത ജീവിതത്തെ പലവിധത്തിൽ സ്വാധീനിച്ചവരാണ്. ഇവരെകൂടാതെ ഔദ്യോഗിക വൈവാഹിക ബന്ധത്തിനുവെളിയിൽ ജനിച്ചതും, അംഗീകരിക്കപ്പെട്ടതുമായ ഒരു പുത്രനും (തന്റെ കാമുകി (mistress) ആയ എലിശബേത്ത് ബ്ലണ്ടിൽ ജനിച്ച ഹെൻട്രി 1
ഫിറ്റ്സ് റോയി) ഉണ്ടായിരുന്നു. എക്കാലവും ഹെൻട്രിക്ക് നേരേ ക്ലിപ്തമായ വിമർശനങ്ങൾ ഉയർന്നിട്ടുണ്ട്. “അത്യധികം അസഹിനീയനായ ക്രൂരമനുഷ്യൻ ഇംഗ്ലണ്ടിന്റെ ചരിത്രത്തിലെ രക്തത്തിന്റെയും കൊഴുപ്പിന്റെയും (grease) കളങ്കം” എന്നീപ്രകാരമാണ് ചാൾസ് ഡിക്കൻസ് ഹെൻട്രിയെപ്പറ്റി പറഞ്ഞിരിക്കുന്നത്.

ഇങ്ങനെയുള്ള നല്ല മുഹൂർത്തത്തിലും നാളിലുമാണ് ആംഗ്ലിക്കൻ സഭപിറന്നു വീണത്.ഇനിയങ്ങോട്ട് ഈ നല്ല നാളിന്റെ ലക്ഷണങ്ങളും പ്രവൃത്തികളും നാം കാണാൻ പോകുകയാണ്.

**ഹെൻട്രി എട്ടാമൻ രാജാവിൽ പ്രവേശിച്ച പാതാള ഗോപുരത്തിന്റെ ശക്തികൾ - ഉപദേശം, പ്രവൃത്തി - എന്നിവയിലൂടെ ആംഗ്ലിക്കൻ സഭയിൽ (C.S.I., CNI സഭകളിൽ) ഇന്ന് എങ്ങനെ വിരാജിക്കുന്നുവെന്ന് വരൂ നമുക്ക് കാണാം.**

## B. ആംഗ്ലിക്കൻ സഭയുടെ വിശ്വാസപ്രമാണങ്ങൾ

ആംഗ്ലിക്കൻ സഭയുടെ (C.S.I., C.N.I.) വിശ്വാസപ്രമാണങ്ങൾ എന്തെന്ന് ചിന്തിക്കുന്നതിന് മുമ്പ് ആംഗ്ലിക്കൻ സഭയുടെ വിശ്വാസചരിത്രാവലോകനം നടത്തേണ്ടതുണ്ട്. ഇതുവരയായി ആംഗ്ലിക്കൻ സഭ എങ്ങനെ ഉടലെടുത്തു എന്ന്

കാണുകയുണ്ടായി. ഹെൻട്രി VIII-ാമൻ രാജാവിന്റെ അവിഹിത വേഴ്ചയിലൂടെ ഉളവായ ആംഗ്ലിക്കൻ സഭ അതിന്റെ വിശ്വാസപ്രമാണങ്ങളിലും ഇന്നുവരെ വ്യക്തതയില്ലാതെ തന്നെയാണ് മുന്നോട്ട് പോകുന്നത്. അതിന് കാരണങ്ങളുണ്ട്.

**ഒന്ന്:** നാലാം നൂറ്റാണ്ടു മുതൽ 16-ാം നൂറ്റാണ്ടു വരെ ഇംഗ്ളണ്ടിൽ റോമൻ കത്തോലിക്കാ സഭയുടെ വിശ്വാസവും ഭരണവുമാണ് നിലനിന്നത്. റോമൻ കത്തോലിക്കാ സഭയുടെ വിശ്വാസപ്രമാണമെന്നത്: **നിഖ്യാ വിശ്വാസപ്രമാണം അത്താനേഷ്യസ് വിശ്വാസപ്രമാണം, സഭാ പിതാക്കന്മാരുടെ രചനകൾ, റോമാ ബാബിലോന്ന്യ മത സംഗ്രഹങ്ങൾ, തത്വചിന്തകൾ** എന്നിവയുടെ "ഒരു അവിയൽ പരുവമാണ്." ആംഗ്ലിക്കൻ സഭ ഉരുവാകുന്നതുവരെ ഇംഗ്ളണ്ടിലെ സഭകളിൽ നിലനിന്ന വിശ്വാസരൂപവും, പ്രയോഗവും ഇതായിരുന്നു.

**രണ്ട്:** ഹെൻട്രി എട്ടാമൻ രാജാവിന്റെ രണ്ടാം വിവാഹത്തോടുകൂടി (ആദ്യ ഭാര്യ ജീവിച്ചിരിക്കെത്തന്നെ) രൂപീകൃതമായ ആംഗ്ലിക്കൻ സഭ തന്റെ വിശ്വാസം, അവയുടെ ആചരണം എന്നീ കാര്യങ്ങളിൽ ഒരു തീരുമാനമെടുക്കാൻ ഏറെക്കാലമെടുത്തു. കാരണം: രാജാവിന്റെ രണ്ടാം വിവാഹം സഭയെയും രാഷ്ട്രത്തെയും ഉലച്ച സംഭവമാണ്. റോമൻ കത്തോലിക്കാ സഭയുടെ സമ്മർദ്ദം, അയൽ രാഷ്ട്രങ്ങളിൽ നിന്നുളവാകാം എന്ന് കരുതിയ ഭീഷണികൾ, രാഷ്ട്രത്തിലെ അരക്ഷിതാവസ്ഥ -ഇങ്ങനെയുള്ള കാലഘട്ടത്തിൽ, ആംഗ്ലിക്കൻ സഭ തന്റെ വിശ്വാസ പ്രമാണമായി **നിഖ്യാവിശ്വാസപ്രമാണം, അത്താനേഷ്യസ് വിശ്വാസപ്രമാണം, റോമൻ കത്തോലിക്കാ സഭയുടെ അനുഷ്ഠാനങ്ങൾ (വിഗ്രഹാരാധനാ, മേരീ വണക്കം**

**etc.** ....) തുടരുകയും ചെയ്തു.

**മൂന്ന്:** ആംഗ്ലിക്കൻ സഭയിലെ കലാപം നിമിത്തം 17 ാം നൂറ്റാണ്ടു മുതൽ സഭയുടെ വിശ്വാസത്തിലും അനുഷ്ഠാനങ്ങളിലും കത്തോലിക്കാ സഭയിൽ നിന്ന് മാറ്റങ്ങളുള്ള പ്രമാണങ്ങൾ നടപ്പിലാക്കാൻ തുടങ്ങി. അവയിൽ പ്രധാനമായവ 39 Articles (പിന്നീട് Articles 42 ), Book of Common Prayer (BCP) പിന്നീട് West minister Confession of Fatith എന്നിവയാണ്.

**നാല്:** ഉത്പത്തി മുതൽ ഇന്നുവരെ–മൂന്ന് തരത്തിലുള്ള വിശ്വാസധാരകൾ ആംഗ്ലിക്കൻ സഭയുടെസഭയ്ക്കകത്ത് ഉണ്ട്. അവ: 1. റോമൻ കത്തോലിക്കാ–ഓർത്തഡോക്സ് വിശ്വാസങ്ങളോട് **ചായ്പ് ഉള്ള ആംഗ്ലോ കാത്തലിക് അഥവാ ഹൈചർച്ചുകാരും**, 2. പ്രൊട്ടസ്റ്റന്റ് ചിന്താഗതിയുള്ള **ഇവാൻജലിക്കൽ അഥവാ ലോചർച്ച്കാരും,** 3. ഹൈ ലോ ചർച്ച് ചിന്താഗതികൾ തമ്മിലുള്ള അനുരഞ്ജനമെന്ന നിലയിൽ **മധ്യവർത്തിക ളായ സ്വതന്ത്ര ചിന്താഗതിക്കാർ - ബ്രോഡ് ചർച്ചുകാരും** ആംഗ്ലിക്കൻ സഭയിലുണ്ട്.

1. ഹൈചർച്ച് വിഭാഗക്കാർ പൗരോഹിത്യത്തിനും പാരമ്പര്യത്തിനും പ്രാചീനവും കതോലികവുമായ മതാചാരങ്ങൾ പ്രാധാന്യം നല്കുന്നു. 2. ലോചർച്ച് വിഭാഗക്കാർ ബൈബിളിനെയും പ്രാർഥനാപ്പുസ്തകത്തെയും ആധാരമാക്കിയുള്ള ലളിതമായ ആരാ ധനാ സമ്പ്രദായത്തെയും മുറുകെപ്പിടിക്കുന്നു. 3. ബ്രോഡ് ചർച്ചുകാരുടെ സ്വതന്ത്ര നിലപാട് എന്ന നിലയ്ക്ക് ബൈബിളിലും ആത്മീയതയിലും വിശ്വാസം ഒട്ടും തന്നെ ഇല്ലാത്ത കൂട്ടരുമാണ് **(Liberal Theologians).**

അന്നു തുടങ്ങിയ ഈ വ്യത്യസ്ഥ വിശ്വാസ ധാരാ സംഘർഷം ഇന്നും ആംഗ്ലിക്കൻ സഭയുടെഅകത്തുണ്ട്. ആംഗ്ലിക്കൻ സഭ തുടങ്ങിയ നാളുകളിൽ ഈ വിശ്വാസ സംഘർഷം അഭ്യന്തര കലാപമായി (Civil War) മാറിയത് വായനകാർക്ക് അറിയാമെന്ന് കരുതുന്നു. പ്യൂരിട്ടൻ വിഭാഗക്കാർ പള്ളികളും, അരമനയും, പാർലമെന്റും അടിച്ച് തകർത്തത് ഇന്നു സെക്യൂലർ ചരിത്ര പാഠപുസ്തകങ്ങളിലൂടെ ലോകം വായിക്കുന്നു, പഠിക്കുന്നു; ഒപ്പം പരിഹാസത്തോടെ ചിരിക്കുന്നു. ആ അടിപിടികളുടെ തുടർച്ച ഇന്നും പള്ളികമ്മറ്റികളും, ഡയോസിസ്, സിനാഡ് മീറ്റിങ്ങികളിലും നമുക്ക് കാണാം. (എഡ്വേർഡ് എട്ടാമൻ രാജാവിൽ അന്നു കയറി ഇന്നും വിരാജിക്കുന്ന പാതാളഗോപുരത്തിന്റെ ശക്തി കളുടെ വിളയാട്ടം!) ആംഗ്ലിക്കൻ സഭാ ഇലക്ഷനുകൾ അന്നും ഇന്നും പോലീസ് അക മ്പടിയോടെ നടക്കുന്നത് നമുക്കും കർത്താവിനും എന്ത് പേരും പേരുമയെന്നും അറി യാമോ?

ച്ച

തുടർന്ന് നിങ്ങൾക്ക് ആംഗ്ലിക്കൻ സഭയുടെ ഒന്നാം, രണ്ടാം, മൂന്നാം ഘട്ട വിശ്വാസ പ്രമാണങ്ങളെ കാണാം. കൂടുതൽ ഭാഗങ്ങളും ഇംഗ്ലീഷിൽത്തന്നെ നല്കുന്നത് അന്ന് എന്ത് എഴുതിയോ അത് അതേ ആശയത്തിൽ നിങ്ങൾക്കു ലഭിക്കാനാണ്. ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനക്കുറവുള്ള വായനക്കാർ സദയം ക്ഷമിക്കുക.

അടുത്ത ലക്കത്തിൻ ഈ ഓരോ വിശ്വാസപ്രമാണങ്ങളും ദൈവവചനവുമായി താരതമ്യം ചെയ്ത് ശരിതെറ്റുകൾ പരിശോധിക്കാം. ശരിയായവ തുടർന്നും മുറുകെ പിടിക്കാം. തെറ്റായ വിശ്വാസങ്ങളെ തിരുത്താം; ഉപേക്ഷിക്കാം.

തന്റെ തെറ്റുകളെ തിരുത്തി; ഉപേക്ഷിക്കുന്നവനാണ് (വ്യക്തികളും, കുടുംബങ്ങളും, സഭയും ) ശുഭം (നന്മ, അനുഗ്രഹം, പ്രസാദം) ലഭിക്കുന്നത്. (സദൃ. 28:13).

## B1. ആംഗ്ലിക്കൻ സഭയുടെ ഒന്നാംഘട്ട വിശ്വാസപ്രമാണങ്ങൾ

**ഒന്ന്: നിഖ്യാ വിശ്വാസ പ്രമാണം**

എ.ഡി 325–ലെ **നിഖ്യാ സുന്നഹദോസി**ന്റെ തീരുമാനമാണ് നിഖ്യാവിശ്വാസപ്രമാണം എന്നപേരിൽ അറിയപ്പെടുന്നത്. ക്രൈസ്തവ പ്രബോധനത്തിന്റെ അടിത്തറയായ ഈ വിശ്വാസരേഖ ക്രിസ്തുവിജ്ഞാനീയ (ക്രിസ്റ്റോളജി)ത്തിന്റെ തേജസ്സുകൂടിയാണ്. പ്രസ്തുത വിശ്വാസപ്രമാണം ഇതാണ്:

1. “സർവ്വശക്തനായ പിതാവും ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

2. പിതാവിന്റെ ഏക പുത്രനും ദൈവസത്തയുള്ളവനും ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോട് തുല്യനും, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തിന്റെയും സ്രഷ്ടാവുമായ ഏക കർത്താവായ ഈശോയിൽ ഞങ്ങൾ വിശ്വസിക്കുന്നു.

3. അവിടുന്ന് മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയുക്കുംവേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി, മനുഷ്യ സ്വഭാവം സ്വീകരിച്ച് മനുഷ്യനായി തീർന്നു. അവിടുന്ന് കഷ്ടം അനുഭവിച്ച്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് കരേറി.

4. അവിടുന്ന് ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കുവാൻ വരുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

5. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു.

6. **എന്നാൽ ആരെങ്കിലും അവൻ (ക്രിസ്തു) ഇല്ലായിരുന്ന സമയം ഉണ്ടായിരുന്നു**

